# എൻ.ബി.എഫ്.സികളുടെ പ്രവർത്തനം ശ്രദ്ധേയമെന്ന് കെ.എം. മാണി

കൊച്ചി: ഗ്രാമീണമേഖലയുടെ വികസനത്തിന് വാണിജ്യ ബാങ്കുകളേക്കാൾ മികച്ച പ്രവർത്തനമാണ് ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങൾ(എൻ.ബി.എഫ്.സി) നടത്തുന്നതെന്ന് ധനമന്ത്രി മന്ത്രി കെ.എം. മാണി പറഞ്ഞു. ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങളുടെ വാർഷിക പൊതുയോഗം കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എൻ. ബി.എഫ് സികളുടെ പ്രവർത്തനങ്ങളെ കുറിച്ചുള്ള പരാതികൾ പുതിയ നിയമനിർമ്മാണത്തോടെ തീർത്തും ഇല്ലാതായെന്നും അദ്ദേഹം പറഞ്ഞു.

ബാങ്കിംഗ് ഇതര ധനകാര്യ മേഖലയുടെ പ്രാധാന്യം സംസ്ഥാനത്തെ സാമ്പത്തിക രംഗത്ത് ഏറുകയാണെന്ന് എൻ. ബി.എഫ്. സി അസോസിയേഷൻ ചെയർമാൻ തോമസ് ജോർജ് മുത്തൂറ്റ് പറഞ്ഞു. സ്വർണ്ണപണയ കമ്പനി അസോസിയേഷൻ ചെയർമാൻ ജോർജ്ജ് അലക്സാണ്ടർ മുത്തൂറ്റ്, നോൺ ബാങ്കിംഗ് ഫിനാൻസ് കമ്പനിസ് മാനേജിംഗ് കമ്മിറ്റി അംഗം വി.പി. നന്ദകുമാർ, ശ്രീധർ പ്രസാദ് എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ബാങ്കിംഗ് ഇതര ധനകാര്യ കമ്പനികൾ നേരിടുന്ന വെല്ലുവിളികളെ കുറിച്ചും യോഗം ചർച്ച ചെയ്തു.